VI. റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. ബാബു ദിവാകരൻ: സർ, പരിസ്ഥിതി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. നിയമനിർമ്മാണകാര്യം

മി. സ്പീക്കർ: നമുക്ക് മൂന്ന് ബില്ലുകളുടെ അവതരണവും അനന്തര നടപടികളുമുണ്ട്. ആദ്യമായി 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി)ബിൽ എടുക്കാം.

1. 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ†

(അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ്: മുഖ്യമന്ത്രി ഇരിക്കുമ്പോൾ മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കേണ്ട ആവശ്യമില്ല. ഏത് മന്ത്രിക്കും അവതരിപ്പിക്കുന്നതിൽ കുഴപ്പമില്ല. മുഖ്യമന്ത്രി സഭയിൽ ഇരിക്കുമ്പോൾ മുഖ്യമന്ത്രിക്കുവേണ്ടി എന്നുള്ള വാക്കുകൾ വേണ്ട.

മി. സ്പീക്കർ: 'മുഖ്യമന്ത്രിക്കുവേണ്ടി' എന്ന വാക്ക് മാത്രം പിൻവലിച്ചാൽ മതി, മറ്റ് അപാകതകളൊന്നുമില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): 'മുഖ്യമന്ത്രിക്കുവേണ്ടി' എന്ന വാക്ക് ഞാൻ പിൻവലിക്കുന്നു. സർ, 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

---

† അനുബന്ധം-XX

LIBRARY ARCHIVES Kerala Legislative Assembly

ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയയ്ക്കുന്നു.

2. 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ†

(അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബി.എ.സി കൂടിയപ്പോൾ സമയം ആവശ്യമില്ലെന്നുള്ള രീതിയിൽ ചർച്ച ചെയ്ത് ഉൾപ്പെടുത്തിയിട്ടുള്ള ബില്ലാണിത്. കഴിഞ്ഞ വർഷം ചർച്ച ചെയ്തു. വീണ്ടും കൊണ്ടുവരേണ്ടിവന്നു. ചർച്ച ആവശ്യമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ വരാൻ പോകുന്നതേയുള്ളൂ. ഈ ബില്ലിന് ചർച്ചയുടെ ആവശ്യമില്ലെന്ന് സമ്മതിച്ചിട്ടുള്ളതാണ്.

ശ്രീ. കെ.സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(എ) 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.99 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്ക് സംസാരിക്കാൻ അഞ്ചു മിനിട്ട് വേണം. ഒന്നു രണ്ടു കാര്യങ്ങൾ ഇതു സംബന്ധിച്ച് പറയാനുണ്ട്.

മി. സ്പീക്കർ: സമയം അപഹരിക്കുന്നതെല്ലാം ഒഴിവാക്കിക്കളഞ്ഞു. ഇനി ചർച്ച ചെയ്യാനുള്ള ഒരു ബില്ലുണ്ട്. അതുകൊണ്ട് ഭേദഗതി അവതരിപ്പിച്ചാൽ മാത്രം മതി.

ശ്രീ. എ. കണാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(ബി) 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി(ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല. പ്രമേയം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

---

† അനുബന്ധം-XXI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XX

പത്താം കേരള നിയമസഭ
ബിൽ നമ്പർ 210

1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ
ബിൽ നമ്പർ 210

1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക:- 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ട് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും :- (1) ഈ ആക്ടിന് 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിന്റെ ഭേദഗതി :-1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ (1951-ലെ XIV) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക), 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ "ഒരു സഞ്ചിത തുകയായ എണ്ണൂറ്റി അമ്പത് രൂപ" എന്ന വാക്കുകൾക്ക് പകരം, "ആയിരത്തി എണ്ണൂറ്റി അമ്പത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 8-ാം വകുപ്പിന്റെ ഭേദഗതി :- പ്രധാന ആക്ടിന്റെ 8-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,-

(i) (എഎ) ഖണ്ഡത്തിൽ "ഒരു സഞ്ചിത തുകയായ ആയിരത്തി അഞ്ഞൂറു രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരത്തി അഞ്ഞൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "മൂവായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാലായിരത്തി അഞ്ഞൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 8എ വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്ടിലെ 8എ വകുപ്പ് (5)-ാം ഉപവകുപ്പിൽ, "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മൂവായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. പട്ടികയുടെ ഭേദഗതി :- പ്രധാന ആക്ടിന്റെ പട്ടികയിൽ,-

(1) I-ാം ഖണ്ഡികയിൽ,-

(എ) (1)-ാം ഇനത്തിൽ,-

(i) (എ) ഉപ ഇനത്തിൽ "മൂന്ന് രൂപ" എന്ന വാക്കുകൾക്ക് പകരം "നാലു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ii) (ബി) ഉപ ഇനത്തിൽ "നൂറു രൂപ" എന്ന വാക്കുകൾക്ക് പകരം "മുന്നൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഇനത്തിൽ,-

(i) (എ) ഉപ ഇനത്തിന് പകരം താഴെ പറയുന്ന ഉപ ഇനം ചേർക്കേണ്ടതാണ്, അതായത്:-

"(എ) യാത്ര ചെയ്ത ദൂരം കണക്കിലെടുക്കാതെ തന്നെ റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക് കിലോമീറ്ററിന് 4 രൂപ നിരക്കിൽ"

(ii) (ബി) ഉപ ഇനത്തിൽ "നൂറ്റി അമ്പത് രൂപ" എന്ന വാക്കുകൾക്കുപകരം "മുന്നൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) III-ാം ഖണ്ഡികയിൽ.-

(എ) (1)-ാം ഇനത്തിൽ "എഴുപത്തിയഞ്ചു രൂപ" എന്ന വാക്കുകൾക്കു പകരം "ഇരുനൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഇനത്തിൽ "നൂറു രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് (1951-ലെ 14) ന്റെ 6-ാം വകുപ്പ്, 2-ാം ഉപവകുപ്പ് പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർ തിരുവനന്തപുരം സിറ്റിക്കുള്ളിലും അതിനുപുറത്ത് 8 കിലോമീറ്റർ ചുറ്റളവിലും ചെയ്യുന്ന യാത്രകൾക്കുപയോഗിക്കുന്ന വാഹനങ്ങൾക്ക് ആവശ്യമായ പെട്രോളിന്റേയും, എണ്ണയുടേയും ചെലവിനത്തിൽ ഒരു സഞ്ചിത തുകയായ എണ്ണൂറ്റി അമ്പതു രൂപ നൽകേണ്ടതാണ്. ഈ തുക ആയിരത്തി എണ്ണൂറ്റിഅമ്പത് രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

2. ആക്ടിന്റെ 8-ാം വകുപ്പ്, 1-ാം ഉപവകുപ്പിന്റെ (എഎ) ഖണ്ഡപ്രകാരം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർ ഒഴികെയുള്ള ഓരോ നിയമസഭാംഗത്തിനും, അങ്ങിനെയുള്ള അംഗമെന്ന നിലയിൽ തന്റെ നിയോജകമണ്ഡലത്തിലെ കർത്തവ്യ നിർവ്വഹണത്തിനായി വേണ്ടിവരുന്ന ചെലവ് വഹിക്കുന്നതിലേക്കായി ഓരോ മാസവും ആയിരത്തി അഞ്ഞൂറു രൂപ സഞ്ചിത തുകയായി ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ തുക രണ്ടായിരത്തി അഞ്ഞൂറു രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

3. ആക്ടിന്റെ 8-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ബി)ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന പ്രകാരം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, എന്നിവർ ഒഴികെയുള്ള ഒരു അംഗത്തിന് സംസ്ഥാനത്തിനകത്തുള്ള യാത്രയ്ക്കായി, യാത്രാബത്ത ഇനത്തിൽ കുറഞ്ഞത് പ്രതിമാസം മൂവായിരം രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ തുക നാലായിരത്തി അഞ്ഞൂറു രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

4. ആക്ടിന്റെ 8എ വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് മന്ത്രിമാർ എന്നിവർ ഒഴികെയുള്ള ഒരു അംഗത്തിന് ടെലിഫോൺ ചെലവ് വഹിക്കുന്നതിനായി ടെലിഫോൺ വാടക കൂടാതെ പ്രതിമാസം രണ്ടായിരം രൂപ ടെലിഫോൺ

LIBRARY ARCHIVES Kerala Legislative Assembly

ബത്തയായി ലഭിക്കാൻ ഉണ്ടായിരിക്കുന്നതാണ്. ടെലിഫോൺ ബത്ത മൂവായിരം രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

5. ആക്ടിന്റെ പട്ടികയിലെ I-ാം ഖണ്ഡികയിൽ 1-ഉം 2-ഉം ഇനങ്ങളിലെ (എ)-യും (ബി)-യും ഉപ ഇനങ്ങൾ പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് സംസ്ഥാനത്തിനകത്ത് റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക് യാത്രാബത്ത കിലോമീറ്ററിന് മൂന്നു രൂപ നിരക്കിലും, ദിനബത്ത നൂറു രൂപ നിരക്കിലും, സംസ്ഥാനത്തിന് പുറത്തുള്ള യാത്രയ്ക്ക് യാത്രാബത്ത കിലോമീറ്ററിന് രണ്ടുരൂപ നിരക്കിലും, ദിനബത്ത നൂറ്റിഅമ്പതു രൂപ നിരക്കിലും നൽകേണ്ടതാണ്. സംസ്ഥാനത്തിനകത്തും പുറത്തും റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക് യാത്രാബത്ത നിരക്ക് കിലോമീറ്ററിന് നാലു രൂപയായും താമസിക്കുമ്പോഴുള്ള ദിനബത്ത മുന്നൂറു രൂപയായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

6. ആക്ടിന്റെ പട്ടികയിൽ III-ാം ഖണ്ഡികയുടെ (1)-ാം ഇനപ്രകാരം, നിയമസഭാംഗങ്ങൾക്ക് സംസ്ഥാനത്തിനകത്തുള്ള യാത്രയ്ക്ക് എഴുപത്തഞ്ചു രൂപ നിരക്കിലും (2)-ാം ഇനപ്രകാരം സംസ്ഥാനത്തിനു പുറത്തുള്ള യാത്രയ്ക്ക് നൂറു രൂപ നിരക്കിലും ദിനബത്ത നൽകേണ്ടതാണ്. പ്രസ്തുത ദിനബത്ത ഇരുനൂറു രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

7. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി അനുയോജ്യമായ വിധത്തിൽ ആക്ട് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

8. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് ശമ്പളവും ബത്തകളും നൽകൽ ആക്ട് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

1. മന്ത്രിമാരുടെയും, സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും, പ്രതിപക്ഷ നേതാവിന്റെയും, ചീഫ് വിപ്പിന്റെയും യാത്രാബത്ത എണ്ണൂറ്റമ്പതു രൂപയിൽ നിന്നും ആയിരത്തി എണ്ണൂറ്റി അമ്പതു രൂപയായി വർദ്ധിപ്പിക്കാൻ ബില്ലിന്റെ 2-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. നിയമസഭാംഗങ്ങൾക്കുള്ള പ്രതിമാസ സഞ്ചിത നിയോജക മണ്ഡല ബത്ത ആയിരത്തിയഞ്ഞൂറ് രൂപയിൽ നിന്നും രണ്ടായിരത്തിയഞ്ഞൂറ് രൂപയായും കുറഞ്ഞ യാത്രാബത്ത മൂവായിരം രൂപയിൽ നിന്നും നാലായിരത്തി അഞ്ഞൂറു രൂപയായും വർദ്ധിപ്പിക്കാൻ ബില്ലിന്റെ-3-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. നിയമസഭാംഗങ്ങൾക്കുള്ള പ്രതിമാസ ടെലിഫോൺ ബത്ത രണ്ടായിരം രൂപയിൽ നിന്നും മൂവായിരം രൂപയായി വർദ്ധിപ്പിക്കാൻ ബില്ലിന്റെ 4-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. മന്ത്രിമാരുടെയും, സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും, പ്രതിപക്ഷ നേതാവിന്റെയും, ചീഫ് വിപ്പിന്റെയും യാത്രാബത്ത കിലോമീറ്ററിന് മൂന്ന് രൂപയിൽ നിന്നും നാലു രൂപയായും ദിനബത്ത സംസ്ഥാനത്തിനകത്ത് നൂറ് രൂപയിൽ നിന്നും മുന്നൂറ് രൂപയായും സംസ്ഥാനത്തിന് പുറത്ത് നൂറ്റമ്പത് രൂപയിൽ നിന്നും മുന്നൂറ് രൂപയായും, കൂടാതെ, അംഗങ്ങളുടെ ദിനബത്ത സംസ്ഥാനത്തിനകത്ത് എഴുപത്തഞ്ചു രൂപയിൽ നിന്നും ഇരുനൂറു രൂപ

LIBRARY ARCHIVES Kerala Legislative Assembly

യായും സംസ്ഥാനത്തിനുപുറത്ത് നൂറു രൂപയിൽനിന്ന് ഇരുനൂറു രൂപയായും വർദ്ധിപ്പിക്കാനും. ബില്ലിന്റെ 5-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. നിയമസഭാംഗങ്ങളുടെ പ്രതിമാസ നിയോജകമണ്ഡല ബത്തയും ടെലിഫോൺ ബത്തയും വർദ്ധിപ്പിക്കുന്നതിന് പ്രതിവർഷം 30 ലക്ഷം രൂപ ആവശ്യമായി വരും. നിയമസഭാംഗങ്ങൾ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ യാത്രാബത്ത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന അധികതുക, അവർ നടത്തുന്ന യാത്രയെ ആശ്രയിച്ചിരിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും ഈ ആവശ്യത്തിലേക്കായി 50 ലക്ഷം രൂപ അധിക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

6. എന്നിരുന്നാലും, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഈ ഇനത്തിൽ വേണ്ടിവരുന്ന യഥാർത്ഥ ചെലവ് യാതൊരു കൃത്യതയോടും കൂടി ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

ഇ.കെ. നായനാർ

(ശരിത്തർജ്ജമ)
എസ്. ദലീലാ സോജാ,
അഡീഷണൽ സെക്രട്ടറി,
നിയമ വകുപ്പ്.

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

6. മന്ത്രിമാർക്കും, സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും, പ്രതിപക്ഷ നേതാവിനും, ചീഫ് വിപ്പിനും വേണ്ടിയുള്ള യാത്രാസൗകര്യം. (1) സർക്കാർ, അതതു സമയം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ ഉപയോഗത്തിനായി, സംരക്ഷണവും അറ്റകുറ്റ പണികളും സംബന്ധിച്ച് സർക്കാർ ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, അനുയോജ്യമായ യാത്രാസൗകര്യങ്ങൾ അവരുടെ ഔദ്യോഗിക കാലാവധിയിലുടനീളവും, അതിനുശേഷം പതിനഞ്ചു ദിവസക്കാലത്തേക്കും നൽകേണ്ടതാണ്.

(2) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർ തിരുവനന്തപുരം നഗരത്തിനുള്ളിലും അതിന്റെ എട്ടുകിലോമീറ്റർ ചുറ്റളവിലും നടത്തുന്ന വാഹന യാത്രയ്ക്കുപയോഗിക്കുന്ന പെട്രോളിനും ഓയിലിനുമുള്ള വിലയായി പ്രതിമാസം ഒരു സഞ്ചിത തുകയായ എണ്ണൂറ്റി അമ്പതു രൂപ നൽകേണ്ടതാണ.

* * * * *
* * * * *

8. നിയമസഭാംഗങ്ങൾക്കുള്ള ബത്തകൾ.- (1) 3-ാം വകുപ്പിലും 4-ാം വകുപ്പിലും പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഔദ്യോഗിക സ്ഥാനം വഹിക്കാത്ത ഏതൊരു നിയമസഭാംഗത്തിനും, ഈ ആക്ടിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി,-

(എ) ഒരു നിശ്ചിത ബത്തയായി പ്രതിമാസം മുന്നൂറ് രൂപയും;

(എഎ) നിയമസഭാംഗമെന്ന നിലയിൽ തന്റെ നിയോജകമണ്ഡലത്തിൽ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ഉള്ള ചെലവ് നേരി

LIBRARY ARCHIVES Kerala Legislative Assembly

ടുന്നതിനായി പ്രതിമാസം ഒരു സഞ്ചിത തുകയായ ആയിരത്തി അഞ്ഞൂറ് രൂപയും;

(ബി) നിയമസഭാ സമ്മേളനങ്ങളിലോ അതിന്റെ ഏതെങ്കിലും കമ്മിറ്റി കളുടെ മീറ്റിംഗുകളിലോ പങ്കെടുക്കുന്നതിനായി പട്ടികയിൽ വിനിർദ്ദേശിച്ചി ട്ടുള്ള നിരക്കിലും സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ വിനിർദ്ദേശിക്കാ വുന്ന വ്യവസ്ഥകളിന്മേലും ദിനബത്തയും, യാത്രാ ബത്തയും, ഒരംഗമല്ലാതാ യിത്തീരുന്നതോടെ, അദ്ദേഹത്തിന്റെ സാധാരണ താമസസ്ഥലത്തേക്ക് മടങ്ങി പ്പോകുന്നതിനുള്ള യാത്രാബത്തയും, ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്ന താണ്;

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരംഗത്തിന്, കേരള സംസ്ഥാനത്തിനക ത്തുള്ള യാത്രകൾക്ക് അർഹതയുള്ള യാത്രാബത്ത പ്രതിമാസം മൂവായിരം രൂപയിൽ കുറയാൻ പാടുള്ളതല്ല.

** ** ** ** ** ** **

8എ. സുഖസൗകര്യങ്ങൾ.-(1) നിയമസഭയിലെ ഏതൊരംഗത്തിനും (സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാത്ത) സർക്കാർ ഉടമയിലുള്ള റെസ്റ്റ് ഹൗസുകളിലേയും, ടൂറിസ്റ്റ് ബംഗ്ലാവുകളിലേയും താമസത്തിന് 10-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം അനുവദനീയമായ സൗജന്യങ്ങൾക്ക് അർഹത ഉണ്ടായിരി ക്കുന്നതാണ്.

** ** ** ** ** ** **

(3) സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാത്ത ഓരോ നിയമസഭാംഗത്തിനും, അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധിയിലുടനീളവും അതിനുശേഷമുള്ള പതിനഞ്ച് ദിവസ ത്തേക്കും അദ്ദേഹത്തിന്റെ സാധാരണ താമസസ്ഥലത്ത് (അംഗം നിർദ്ദേശി ക്കുന്ന) ഒരു ടെലിഫോൺ അനുവദിക്കേണ്ടതാണ്.

** ** ** ** ** ** **

(4) (3)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ച ടെലിഫോൺ സ്ഥാപിക്കു ന്നതിനുള്ള ചാർജ്ജുകളും, അതിന്റെ വാടകയും ഇതിലേയ്ക്കായി ഉണ്ടാക്കാ വുന്ന ചട്ടങ്ങൾക്കു വിധേയമായി സർക്കാർ നൽകേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും, (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ചാർജ്ജുകൾക്കു പുറമെ, അപ്രകാര മുള്ള ടെലിഫോണിന്റെ ചാർജ്ജുകൾ വഹിക്കുന്നതിനായി പ്രതിമാസം രണ്ടാ യിരം രൂപ ടെലിഫോൺ ബത്ത ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** ** ** ** **

പട്ടിക

i മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, എന്നിവർ.- മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതി പക്ഷ നേതാവ്, ചീഫ് വിപ്പ്, എന്നിവർക്ക് അവർ ചെയ്യുന്ന യാത്രയ്ക്ക് താഴെ പ്പറയുന്ന നിരക്കിൽ ദിനബത്തയും, യാത്രാബത്തയും നൽകേണ്ടതാണ്:-

(1) കേരള സംസ്ഥാനത്തിനകത്ത്-

(എ) റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്ര ചെയ്ത ദൂരം കണക്കിലെ ടുക്കാതെ, ഒരു ദിവസം കുറഞ്ഞത് എഴുപത്തി അഞ്ചു രൂപ എന്നതിന് വിധേ യമായി, ഒരു കിലോമീറ്ററിന് മൂന്നു രൂപാ നിരത്തിലും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താമസത്തിന് ദിവസം നൂറു രൂപ ദിനബത്തയും;

(2) കേരള സംസ്ഥാനത്തിന് പുറത്ത്-

(എ) റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്ര ചെയ്ത ദൂരം കണക്കിലെടുക്കാതെ, 1989 ഡിസംബർ മാസം 1-ാം തീയതി മുതൽ 1990 ഡിസംബർ മാസം 31-ാം തീയതി വരെ ഒരു കിലോമീറ്ററിന് ഒരു രൂപ ഇരുപത്തിയഞ്ചു പൈസ നിരക്കിലും അതിനുശേഷം ഒരു കിലോ മീറ്ററിന് രണ്ട് രൂപാ നിരക്കിലും;

(ബി) ദിനബത്ത ദിവസം നൂറ്റമ്പത് രൂപയും;

iii. നിയമസഭയിലെ അംഗങ്ങൾ.- നിയമസഭാംഗങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ യാത്രാ ബത്തയും ദിനബത്തയും നൽകേണ്ടതാണ്.-

(1) കേരള സംസ്ഥാനത്തിനകത്ത്-

റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്ര ചെയ്ത ദൂരം കണക്കിലെടുക്കാതെ, ഒരു കിലോമീറ്ററിന് രണ്ടു രൂപാ അമ്പത് പൈസ നിരക്കിൽ;

ദിനബത്ത-എഴുപത്തി അഞ്ചു രൂപ

(2) കേരള സംസ്ഥാനത്തിനു പുറത്ത്-

റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക്, യാത്രചെയ്ത ദൂരം കണക്കിലെടുക്കാതെ, ഒരു കിലോമീറ്ററിന് രണ്ടു രൂപ അമ്പത് പൈസ എന്ന നിരക്കിൽ;

ദിനബത്ത-നൂറു രൂപ.

അനുബന്ധം XXI

പത്താം കേരള നിയമസഭ
ബിൽ നമ്പർ 208

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

പത്താം കേരള നിയമസഭ,
ബിൽ നമ്പർ 208

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

കൃഷിക്കാരായ കുടികിടപ്പുകാരും ചെറുകിട കൈവശക്കാരുമായ ഏതാനും പേരെ, അവർ വാങ്ങിയതും, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടു കൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയതുമായ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- പ്രതിഫലം നൽകി വാങ്ങുകയോ മറ്റു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളതെന്ന് രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ മുഖാന്തിരമോ മറ്റു വിധത്തിലോ, തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ നിന്ന് ചെറുകിട ഭൂമി കൈവശക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും ഒഴിപ്പിക്കൽ അഥവാ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ധാരാളം നടപ

LIBRARY ARCHIVES Kerala Legislative Assembly